# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.293 13.03.2018 ൽ മറുപടിയ്ക്ക്

**ത്രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്കെതിരെ നടപടി**

| ചോദ്യം<br><br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | | മറുപടി<br><br>**ശ്രീ. എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ദേശീയപാതയിലും മറ്റും രൂപമാറ്റം വരുത്തിയ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിച്ച് അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏതൊക്കെ തരത്തിലുള്ള രൂപമാറ്റങ്ങളാണ് കാറിലും ബൈക്കിലും കണ്ടുവരുന്നത് എന്നറിയിക്കാമോ; | (ബി) | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ക്രാഷ് ഗാർഡുകൾ സ്ഥാപിച്ചും ഇരുചക്രവാഹനങ്ങളിൽ അമിത ശബ്ദമുണ്ടാക്കുന്ന സൈലൻസറുകൾ രൂപമാറ്റം വരുത്തി ഉപയോഗിച്ചും വാഹനത്തിലെ ഹാൻഡിൽ മുതലായവ രൂപ മാറ്റം വരുത്തിയും ഉപയോഗിക്കുന്നതായി കാണപ്പെടുന്നു. ഇത്തരത്തിലുള്ള രൂപമാറ്റം വാഹനത്തിന്റെ സ്വാഭാവിക പ്രവർത്തനത്തേയും സ്ഥിരതയേയും ബാധിക്കുകയും അപകടത്തിന് കാരണമാകുകയും ചെയ്യുന്നു. 1989 -ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (5) ൽ പരാമർശിക്കുന്ന തരത്തിലുള്ള തീവ്രപ്രകാശമുള്ള ബൾബുകൾ മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ച് അവ ഉപയോഗിക്കുന്നവർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും അപകടങ്ങൾക്ക് കാരണമാകുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്ക് എതിരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | ഇത്തരത്തിൽ നിയമലംഘനം നടത്തി ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക വാഹന പരിശോധനകൾ നടത്തി പിഴ ഈടാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ